# തൂലിക


Newsletter of
Jesus Youth
Dubai

Issue 569
30 August 2019
www.thoolikaa.net




## അമ്മയ്ക്ക് ഒരു പിറന്നാൾ സമ്മാനം

പേജ് 4 കാണുക

ബഹു. അനീഷ് കരിമാലൂരച്ചന്റെ ലേഖനം

"എന്റെ കർത്താവിന്റെ അമ്മ
എന്റെ അടുത്തു വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെ നിന്ന്?"

*ലൂക്കാ. 1:43*




ലക്കം 569
30 ആഗസ്റ്റ് 2019

# തൂലിക

ജീസസ് യൂത്ത് ദുബായുടെ വാരാന്ത്യ പതിപ്പ്

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| വാർത്തകൾ | 09 |
| യൂകാറ്റ് കോർണർ | 09 |
| അറിയിപ്പുകൾ | 10 |
| ഹൃദ്യസ്ഥമാക്കാൻ ഒരു വചനം | 11 |


## മൊഴിമുത്തുകൾ

"പ്രാർത്ഥിക്കാനുള്ള ആഗ്രഹം തന്നെ ഒരു പ്രാർത്ഥന ആയിക്കഴിഞ്ഞു"

**ജോർജ്ജ്സ് ബർണാനോസ്** (1888 - 1948)

ഫ്രഞ്ച് എഴുത്തുകാരൻ

പതിനാല് സോണൽ കൂട്ടായ്മകളും
പതിനാല് വിശുദ്ധരുടെ മാദ്ധ്യസ്ഥം
സ്വീകരിച്ച് ഒരേ ദിവസം ഒരേ സമയം
ദൈവത്തെ മഹത്വപ്പെടുത്താൻ
ഒരുമിച്ചു ചേരുന്നു.

**Wednesday 8.15pm to 9.45pm**



## സോണൽ കൂട്ടായ്മകൾ

എല്ലാ ബുധനാഴ്ചകളിലും വൈകീട്ട്
8.15മുതൽ 9.45വരെ

**സെന്റ് മേരീസ് - കരാമ**
നിഷ 056 4897592

**സെന്റ് മരിയ ഗൊരേത്തി - ബർദുബായ്**
ആന്റോ 056 532 2165

**സെന്റ് ജോസഫ് - ലുലു വില്ലേജ്**
ആൻസി 052 7539188

**സെന്റ് സെബാസ്റ്റ്യൻ - അൽ നാഹ്ദ**
സുനിൽ 050 1470885

**സെന്റ് അൽഫോൻസ - അൽഖിസൈസ്**
എബിൻ - 056 8689312

**സെന്റ് ആന്റണീസ് - സോനാപൂർ**
ഫ്രാൻസിസ് 056 9645184

**സെന്റ് ജോൺ മരിയ വിയാനി - അൽഖൂസ്**
ഡയസ് - 050 1904337

**സെന്റ് ജോർജ്ജ് - റാഷിദിയ**
ലിജോ കുരുവിള - 056 4152208

**സെന്റ് ജൂഡ് - മുത്തീന**
ജോജോ തോമസ് 052 1158226

**ഇൻഫന്റ് ജീസസ് - അൽബറാഹ**
പ്രിൻസ് ജോർജ്ജ് 052 7087623

**സെന്റ് മൈക്കിൾസ് - സത്വ**
സെബി 054 4207201

**സെന്റ് ഫ്രാൻസിസ് അസ്സീസ്സി**
**ഹോർ അൽ ആൻസ്**
സബിൻ 052 8838576

**സെന്റ് പാദ്രേ പിയോ**
**ഇന്റർനാഷ്ണൽ സിറ്റി**
റീഗൻ 052 2011701

**സെന്റ് പോൾ - സിലികോൺ ഒയാസിസ്**
ജോർമ്മി 052 9783044

# അമ്മയുടെ കരം പിടിച്ച്...



മഴ തിമിർത്തു പെയുകയാണ്. എവിടെനോക്കിയാലും വെള്ളം മാത്രം.. കുത്തിയൊഴുകുന്ന പുഴ കടന്നുവേണം അമ്മയ്ക്കും മകനും വീട്ടിലെത്താൻ... ആകെ ഉള്ള ആശ്രയം പുഴയ്ക്ക് കുറുകെ ഇട്ടിരിക്കുന്ന തടിപ്പാലം മാത്രം.. അമ്മ തന്റെ കുഞ്ഞു മകന്റെകരങ്ങളിൽ പിടിച്ചുകൊണ്ട് ആ പാലത്തിലേക്ക് കയറി.. ആഞ്ഞടിക്കുന്ന ഓളങ്ങൾ കുഞ്ഞുമനസിൽ ഭയം നിറക്കുന്നത് അമ്മ തിരിച്ചറിയുന്നുണ്ട്. എങ്കിലും, തന്റെകയ്യിൽ മുറുകെപിടി ച്ചുകൊള്ളാൻ അമ്മ ഇടയ്ക്കിടെ അവനെ ഓർമ്മിപ്പിക്കുന്നുണ്ട്. എന്നാൽ, താൻ അമ്മയുടെ കയ്യിൽ പിടിക്കുന്നതിലും നല്ലത് അമ്മ തന്റെ കയ്യിൽ പിടിക്കുന്നതാണെന്ന് ആ കുരുന്ന് അമ്മ യോട് പറയുന്നുണ്ട്. രണ്ടും ഒന്നുതന്നെ അല്ലേയെന്ന് അമ്മ അവനോട് ചോദിച്ചപ്പോൾ അവൻ പറഞ്ഞത് ഇങ്ങനെയാ.. ഇടയ്ക്ക് കാറ്റോ മഴയോ തന്നെ പേടിപ്പിച്ചാൽ താൻ അമ്മ യുടെ കൈയിൽ നിന്നും പിടിവിടാൻ സാധ്യത ഉണ്ട്. എന്നാൽ ഏത്കാറ്റിലും ഇടിയിലും അമ്മ തന്റെ കൈയിൽനിന്നും വിടില്ല എന്ന് തനിക്ക് നല്ല ഉറപ്പുണ്ട് എന്ന്....

ജീവിതത്തിലെ സങ്കടങ്ങളിലും വീഴ്ചകളിലുമൊക്കെ ഒരു താങ്ങാകുവാൻ ആരെങ്കിലുമൊക്കെ ഉണ്ടായിരുന്നെങ്കിൽ എന്ന് എത്രവട്ടം നമ്മൾ ആഗ്രഹിച്ചിട്ടുണ്ടല്ലേ... ഒന്നുതീരും മുൻപേ കാറും കോളുമായി അടുത്ത പ്രശ്നങ്ങൾ വരുമ്പോൾ പലപ്പോഴും നമ്മുടെ കാലുകൾ ഇടറാറില്ലേ.. എന്നാൽ പ്രിയപ്പെട്ടവരെ കൂടെകാണുമെന്ന് നൂറാവർത്തി പറഞ്ഞവർപോലും ഒരു ചെറിയ കുറവിൽ നമ്മെ ഉപേക്ഷിച്ചുപോകുമ്പോൾ തളർന്നു വീഴേണ്ടവരല്ല നാമൊന്നും.. അങ്ങനെ വീഴാതെ നമ്മെ ചേർത്തുനിർത്തുവാനാ തമ്പുരാൻ നമുക്ക് ഒരമ്മയെ തന്നിരിക്കുന്നത്.. പരി ശുദ്ധ അമ്മയെ.. കാറും കോളും നിറഞ്ഞ ഈ ജീവിത യാത്രയിൽ തളർന്നുപോകാതെ മറുകര യിൽ എത്തിക്കുവാനായി അമ്മ നമ്മുടെ കൈകളിൽ ഓരോ നിമിഷവും മുറുകെ പിടിക്കുന്നു ണ്ട്.എന്നാൽ നാം അത് പലപ്പോഴും തിരിച്ചറിയാറില്ലെന്നു മാത്രം... പരിശുദ്ധ അമ്മയുടെ ജന നതിരുന്നാളിന് ഒരുക്കമായുള്ള എട്ടുനോമ്പിലൂടെ കടന്നുപോകുമ്പോൾ ആ തിരിച്ചറിവ് നമുക്ക് നേടാം. നമ്മുടെ കയ്യിലെ ജപമാലയുടെ മണികളിലൂടെ അമ്മയുടെ കരങ്ങളിൽ നമുക്കു മുറു കെപിടിക്കാം... നൊമ്പരങ്ങളുടെ, പ്രലോഭനങ്ങളുടെ ഓളങ്ങൾ നമ്മുടെ പടവുകളിൽ ആഞ്ഞടി ക്കുമ്പോൾ മെല്ലെ അമ്മയുടെ കാതുകളിൽ നമുക്ക് മന്ത്രിക്കാം... അമ്മേ.. എപ്പോഴെങ്കിലും എന്റെ കുഞ്ഞുകൈകൾ അമ്മയുടെ കയ്യിലെ പിടിവിട്ടാലും അമ്മ എന്റെ കയ്യിലെ പിടിവിടാതെ തമ്പുരാന്റെ അടുക്കൽ സുരക്ഷിതമായി എത്തിക്കണേ എന്ന്

സ്നേഹപൂർവ്വം,
റിജോ മണിമല
എഡിറ്റർ



# അമ്മയ്ക്ക് ഒരു പിറന്നാൾ സമ്മാനം

**ലേഖനം: ഫാ. അനീഷ് കരിമാലൂർ ഓ. പ്രേം**

ദൈവത്തിൽ സകല കലകളും കരവേലകളും നിഗൂഢമായി നിലകൊള്ളുന്നു. അവിടുന്ന് അവ മനുഷ്യരിലേയ്ക്ക് വിസ്മയകരമായി വിന്യസിക്കുകയും ചെയ്യുന്നു. എങ്കിലും പ്രപഞ്ചസൃഷ്ടിക്കുശേഷം ഒരു കരവേലമാത്രം അവിടുന്ന് തുടർന്നു. ദൈവം തിരഞ്ഞെടുത്ത കളിമണ്ണിൽ ഏറ്റവും നല്ല ഭാഗം അവിടുന്ന് സൂക്ഷിച്ചു വയ്ക്കുകയായിരുന്നു. ഒരു പ്രധാനപ്പെട്ട നിർമ്മിതിക്കുവേണ്ടി, പരിശുദ്ധ അമ്മയ്ക്ക് വേണ്ടി. ആദിമനുഷ്യന്റെ അനുസരണക്കേടിന്റെ വിധിയിൽ പഴിച്ച തലമുറകൾ മറിയത്തിന്റെ വിശുദ്ധിയിൽ സ്നാനം ചെയ്ത് നഷ്ടമായതെല്ലാം വീണ്ടെടുത്തു. അങ്ങനെ സകലചരാചരങ്ങളും പറുദീസ നഷ്ടം മുതൽ അനുഭവിച്ചുപോന്ന ആലസ്യത്തിൽനിന്നും ഉയർത്തെഴുന്നേൽക്കുന്ന ചരിത്ര നിമിഷമായി മാറുന്നു. പരിശുദ്ധ മറിയത്തിന്റെ ജനനം.

മറിയത്തിന്റെ ജീവിതത്തിലെ വിവിധ അവസരങ്ങളും സുവിശേഷകന്മാർ അവതരിപ്പിക്കുന്നു. എങ്കിലും മറിയത്തിന്റെ ജനനത്തെയും ബാല്യത്തെയും കുറിച്ച് യാതൊരു വിവരണവും ബൈബിളിൽനിന്ന് നമുക്ക് ലഭ്യമല്ല, എന്നാൽ ക്രിസ്തുവർഷം 2-ാം നൂറ്റാണ്ടിൽ ക്രൈസ്തവലോകത്ത് വികസിച്ച ചില അമൂല്യകൃതികളാണ് നിഗൂഢഗ്രന്ഥങ്ങൾ അഥവാ അപ്രമാണിക ഗ്രന്ഥങ്ങൾ. ഇതിൽനിന്നാണ് മറിയത്തിന്റെ ജനനത്തെക്കുറിച്ചുള്ള വ്യക്തമായ അറിവ് നമുക്ക് ലഭിക്കുന്നത്.

സോളമൻ രാജാവിനാൽ സ്ഥാപിക്കപ്പെട്ട ജറുസലേം ദേവാലയത്തിന്റെ മുഖ്യകവാടത്തിനടുത്തായി താമസിച്ചിരുന്ന യൊവാകിം അന്ന ദമ്പതികളായിരുന്നു മറിയത്തിന്റെ മാതാപിതാക്കൾ. ജറുസലേം

ദേവാലയത്തിൽ ബലിയർപ്പിക്കുന്നതിനായി ഇസ്രായേൽക്കാരുടെകൂടെ മുൻനിരയിലുണ്ടായിരുന്ന പുരോഹിതനായിരുന്നു യൊവാകിം, എന്നാൽ വന്ധ്യതയെ ദൈവശാപമായി കണക്കാക്കിയിരുന്ന ജനം വാർദ്ധക്യമായിട്ടും ഒരു കുഞ്ഞു ജനിക്കാത്തതിന്റെ പേരിൽ യൊവാക്കീമിനെ ബലിയർപ്പണത്തിൽ നിന്നും വിലക്കി. അതിൽ മനം നൊന്ത് യൊവാക്കിം മരുഭൂമിയിലേക്ക് യാത്രയായി. അവിടെ തപസനുഷ്ടിച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി നാൽപതാം ദിവസം ദൈവത്തിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തോട് പറഞ്ഞു, "ദൈവം നിനക്കൊരു കുഞ്ഞിനെ നൽകി അനുഗ്രഹിക്കും, അവൾ സ്ത്രീകളിൽ ഏറ്റവും പരിശുദ്ധയായിരിക്കും."

അങ്ങനെ യൊവാക്കിം-അന്ന വൃദ്ധദമ്പതികൾക്ക് ജനിച്ച മകളാണ് പരിശുദ്ധ മറിയം. അവർ മറിയത്തെ വിശ്വാസത്തിലും ദൈവഭക്തിയിലും വളർത്തി കൊണ്ടുവന്നു. എന്നാൽ ആ വൃദ്ധ മാതാപിതാക്കൾ അറിഞ്ഞിരുന്നില്ല. തങ്ങളുടെ മകൾ പിറന്നത് ജന്മപാപമില്ലാതെയാണെന്ന്. അതായത് മാമ്മോദീസാ സ്വീകരിച്ച ഒരു ശിശുവിന്റെ വരപ്രസാദത്തോടുകൂടിയാണ് മറിയം ഈ ലോകത്തിലേക്ക് ജനിച്ചത് എന്ന്. അതുകൊണ്ടാണ് നാം മറിയത്തെ അമലോത്ഭവ മാതാവ് എന്ന് വിളിക്കുന്നത്. അങ്ങനെ നൂറ്റാണ്ടുകൾക്ക് മുൻപുണ്ടായ ജെറമിയാ പ്രവാചകന്റെ പ്രവചനം മറിയത്തിലൂടെ നിറവേറി.

"മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിനു മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു (ജെറമിയാ 1:5)."

പ്രിയസഹോദരങ്ങളെ, കത്തോലിക്കാ സഭയിൽ ആകെ മൂന്നു വ്യക്തികളുടെ ജനനതിരുന്നാൾ മാത്രമേ ആഘോഷിക്കാറുള്ളൂ. ലോകരക്ഷകനെ വഴിയൊരുക്കുവാൻ വന്ന സ്നാപകയോഹന്നാന്റെയും ലോകരക്ഷകനെ ഉദരത്തിൽ വഹിക്കുകയും മുലയൂട്ടുകയും ചെയ്ത പരിശുദ്ധ കന്യകാമറിയത്തിന്റെയും നമുക്ക് രക്ഷനേടിത്തന്ന യേശുനാഥന്റെയും ജനനതിരുനാൾ! അതുകൊണ്ടുതന്നെ പരി. ത്രിത്വത്തിനുശേഷം സഭ ഏറ്റവും പ്രധാന്യം കൊടുക്കുന്നത് പരിശുദ്ധ അമ്മയ്ക്കാണ്. ആരുണ്ട് അവളെക്കാൾ പരിശുദ്ധരായി ? പ്രവാചകന്മാരോ, അപ്പസ്തോലന്മാരോ, രക്തസാക്ഷികളോ, വിശുദ്ധരോ ? ഇല്ല ; കാരണം ക്രിസ്തുവിന്റെ രക്ഷാകര സംഭവങ്ങൾക്ക് മുഴുവനും സാക്ഷ്യം വഹിച്ച ഒരേയൊരു വ്യക്തി പരിശുദ്ധ അമ്മ മാത്രമാണ്. യേശുവിന്റെ മനുഷ്യാവതാരത്തെ കുറിച്ചുള്ള മംഗളവാർത്തമുതൽ യേശുവിന്റെ ജനനത്തിനും രഹസ്യജീവിതത്തിനും ആദ്യത്തെ അത്ഭുതത്തിനും, ദൈവരാജ്യപ്രഘോഷണത്തിനും, പീഢാനുഭവത്തിനും, മരണത്തിനും, ഉത്ഥാനത്തിനും, സ്വർഗ്ഗാരോഹണത്തിനും ശേഷം പരിശുദ്ധാത്മാവിന്റെ വരവിനും അങ്ങനെ മാനവകുലത്തിന്റെ രക്ഷാകർമ്മത്തിന് മുഴുവനും സാക്ഷ്യം വഹിച്ചഒരോയൊരു വ്യക്തി, പരി. അമ്മ മാത്രമാണ്.

വാത്സല്യത്തിന് മറിയത്തിന്റെ ഹൃദയം പോലെ മറ്റൊരു ഹൃദയമില്ല. ഭക്തിക്ക് ഇത്രയും പരിശുദ്ധമായൊരു

*തുടർച്ച... പേജ് 7*

# വി. ഹെഡ്‌വിഗ് (1174-1243)

**ആത്മായ വനിത**



1174-ൽ ബവേറിയായിൽ കരിന്തിയായിലെ നാടുവാഴിയായ ബർത്തോൾഡ് തൃതീയന്റെയും ആഗ്നസിന്റെയും മകളായി ഹെഡ്‌വിഗ് ജനിച്ചു. ഭക്തയായിരുന്ന ആഗ്നസ് പുണ്യപാതയിലൂടെ വ്യാപരിക്കാൻ മകൾക്കു പ്രോത്സാഹനം നല്കി. ദരിദ്രരെ സഹായിക്കുന്നതിൽ അവൾ തല്പരയായിരുന്നു.

പന്ത്രണ്ടാമത്തെ വയസ്സിൽ സൈലേഷ്യാ പ്രഭുവായിരുന്ന ഹെൻറിയെ ഹെഡ്‌വിഗ് വിവാഹം കഴിച്ചു. വളരെ ഭക്തനായിരുന്ന ഹെൻറി ഹെഡ്‌വിഗിന് ഉപവി പ്രവൃത്തികൾ ചെയ്യാൻ പ്രോത്സാഹനം നല്കി. ഭർത്താവിനോടും കുടുംബത്തിനോടുമുള്ള ചുമതലകൾക്ക് കോട്ടംവരുത്താതെ ദൈവീക കാര്യങ്ങളിൽ അവൾ വ്യാപൃതയായി. ആറു മക്കൾ ജനിച്ചശേഷം അവിവാഹിതരെപ്പോലെ ജീവിക്കാൻ ഉഭയസമ്മതപ്രകാരം അവൾ നിശ്ചയിച്ചു.

ഭർത്താവിന്റെ സഹായത്തോടുകൂടി ട്രെബ്നിറ്റ്സിൽ ആയിരംപേർക്കു താമസിക്കാവുന്ന ഒരു സിസ്റ്റേഴ്സ്യൻ ആശ്രമം പണിയിച്ചു. 16 കൊല്ലം കൊണ്ട് പണിതീർത്ത ആശ്രമത്തിൽ ദരിദ്രയുവതികളെയും പാർപ്പിച്ച് വിവാഹത്തിനോ സന്യാസത്തിനോ ഒരുക്കിയിരുന്നു.

എല്ലാ ദിവസവും കഴിവുള്ളിടത്തോളം ദിവ്യബലികളിൽ സംബന്ധിക്കുക അവളുടെ പതിവായിരുന്നു. കുർബ്ബാനയർപ്പിച്ച വൈദീകനോടുള്ള കൃതജ്ഞതയും ബഹുമാനവും പ്രദർശിപ്പിച്ചുകൊണ്ട് കരങ്ങൾ ഭക്തിപൂർവ്വം ചുംബിക്കുകയും സൽക്കരിച്ച് ആദരിക്കുകയും ചെയ്തിരുന്നു. തദവസരത്തിൽ വികാരവായ്പോടെ "ഈശോയെ സ്വർഗ്ഗത്തിൽനിന്നും താഴേയ്ക്കിറക്കിക്കൊണ്ടു വരികയും എനിക്ക് തരികയും ചെയ്തയാൾ അനുഗ്രഹീതനാവട്ടെ എന്നു പറഞ്ഞിരുന്നു."

ഭക്തരായ സന്യാസിനികളുടെ ജീവിതത്തെ വെല്ലുന്നതായിരുന്നു ഹെഡ്‌വിഗിന്റെ പുണ്യജീവിതം. ഈശോയുടെയും ശിഷ്യരുടെയും ഓർമ്മയ്ക്കായി അനുദിനം 13 പേർക്ക് സ്വകരങ്ങൾകൊണ്ട് ഭക്ഷണം വിളമ്പിക്കൊടുത്ത് ബഹുമാനിച്ചിരുന്നു. ബുധൻ, വെള്ളി ദിവസങ്ങളിൽ റൊട്ടിയും ജലവും മാത്രമായിരുന്നു ഭക്ഷണം.

1238-ൽ ഭർത്താവു മരിച്ചശേഷം അവൾ ആശ്രമത്തിൽ തന്നെ സ്ഥിരതാമസമാക്കി. ക്രമപ്രകാരം സന്യാസിനിയായില്ലെങ്കിലും ഭക്തകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിച്ചും തന്റെ ഭൗതീക സമ്പത്തുകൊണ്ട് പാവങ്ങളെ സഹായിച്ചും അവൾ ആത്മീയ സമ്പത്ത് നേടി. 1243 ഒക്ടോബർ 15 ന് ഹെഡ്‌വിഗ് ദിവംഗതയായി. 1267-ൽ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു.

*ലേഖനം      തുടർച്ച... പേജ് 5*

ശ്രീകോവിലില്ല. മാതൃത്വത്തിന് ഇത്രയും സവിശേഷമായ മാതൃകയുമില്ല. അതുകൊണ്ടായിരിക്കാം, അലൗകികമായ സൗന്ദര്യവും അമൂല്യമായ പരിശുദ്ധിയും നിറഞ്ഞു നില്ക്കുന്ന മറിയത്തെ ദർശിച്ചുകൊണ്ട് പ്രവാചകൻ വിസ്മയ ഭരിതനായി പ്രതിപാദിച്ചത്.

"സൂര്യനെപ്പോലെ ശോഭിക്കുന്നവളും ചന്ദ്രനെപ്പോലെ അഴകുള്ളവളും ഉഷകാല നക്ഷത്രം പോലെ ഉദിച്ചുവരുന്നവളുമായ നീ ആരാകുന്നു ? (ഉത്തമഗീതം 6: 10)." അതിനുള്ള മറുപടിയെന്നോണം 1858 ഫെബ്രുവരി 11-ാം തിയ്യതി ഫ്രാൻസിലെ മൂടികിടന്ന പർവ്വതനിരകളുടെ അടിവാരത്തിൽ ലൂർദ്ദ് എന്ന ഗ്രാമത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് മറിയം പറഞ്ഞു. ഞാൻ അമലോത്ഭവയാകുന്നു.

**ആ അമലോത്ഭവ മാതാവിന്റെ ജനനതിരുനാൾ നാം ആഘോഷിക്കുമ്പോൾ അമ്മ നമുക്ക് നൽകുന്ന സന്ദേശം എന്താണ് ?**

ഒന്നാമതായി പാപരഹിതരായി ജീവിക്കുക. പാപകരമായ ജീവിതം ഉപേക്ഷിക്കുവാനും പരിശുദ്ധമായൊരു ജീവിതം വഴി ദൈവത്തെ മഹത്വപ്പെടുത്തുവാനും അമ്മയുടെ മാതൃക നമ്മോടു ആഹ്വാനം ചെയ്യുന്നു. നമ്മിൽ പലരും ചിന്തിച്ചേക്കാം ഞാൻ പ്രത്യേകിച്ച് പാപമൊന്നും ചെയ്യുന്നില്ലല്ലോ, കാരണം ആർക്കും ഒരു ഉപദ്രവവും ഞാൻ ചെയ്യുന്നില്ല. എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽ പോകുന്നു.കഴിയുമെങ്കിൽ ഇടദിവസങ്ങളിലും.

എന്നാൽ പ്രിയസഹോദരങ്ങളെ, വിശുദ്ധമായ ഒരു ജീവിതം നയിക്കുക എന്നു പറഞ്ഞാൽ പാപം ചെയ്യാതിരിക്കുക എന്നതു മാത്രമല്ല അർത്ഥമാക്കുന്നത്. അതിനുള്ള ഉദാഹരണമാണ് ധനവാന്റെയും ലാസറിന്റെയും ഉപമയിൽ നാം കാണുന്നത്. ധനവാൻ ആർക്കും ഒരു ഉപദ്രവും ചെയ്ത വ്യക്തിയല്ല. ലാസറിനെയും ഉപദ്രവിക്കുന്നില്ല, എങ്കിലും വിധിദിവസത്തിൽ ലാസർ സ്വർഗ്ഗത്തിലും ധനവാൻ നരകത്തിലും നിപതിക്കുന്നു. ദൈവാനുഗ്രഹത്താൽ നമ്മുക്കെല്ലാവർക്കും നല്ലൊരു കുടുംബമുണ്ട്.

വസിക്കുവാൻ നല്ലൊരു ഭവനമുണ്ട്. മറ്റ് സുഖസൗകര്യങ്ങളൊക്കെയുമുണ്ട്. എന്നാൽ, നമ്മുടെ അയല്ക്കാർ ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാതെ വേദനിക്കുണ്ടെങ്കിൽ നാം അതിന് ഉത്തര വാദികളാണ്. വിധി ദിവസത്തിൽ നാം അതിന് കണക്കു കൊടുക്കേണ്ടിവരും.

ഏശയ്യായുടെ പുസ്തകം 1-ാം അദ്ധ്യാം 17-ാം വാക്യത്തിൽ നാം വായിക്കുന്നതു പോലെ നീതി അന്വേഷിക്കുവാനും പീഢിതരെ ആശ്വസിപ്പിക്കുവാനും അനാഥരോട് കരുണ കാണിക്കുവാനും വിധവകൾക്കു വേണ്ടി വാദിക്കുവാനും സർവ്വ തിന്മ കൾക്കെതിരെ ശബ്ദമുയർത്തുവാനും നമുക്ക് ആത്മധൈര്യമില്ലെങ്കിൽ ഈ എട്ട് ദിവസത്തെ ഉപവാസത്തിനോ ഈ തിരു നാളിനോ യാതൊരു അർത്ഥവുമുണ്ടാകി ല്ല. പാപത്തിൽ ഇഴകി ചേർന്ന് വസിക്കുവാ നുള്ള സാഹചര്യങ്ങൾ ഇന്ന് നമുക്ക് സമൃ ദ്ധമാണ്. കുടുംബന്ധങ്ങളിൽ വസ്ത്രധാ രണ ശീലങ്ങളിൽ വിനോദമാർഗ്ഗങ്ങളിൽ, ഭക്ഷണകാര്യങ്ങളിൽ ധനസമ്പാദന മാർഗ്ഗ ങ്ങളിൽ തുടങ്ങി ജീവിതത്തിന്റെ എല്ലാ

ലേഖനം തുടർച്ച... പേജ് 7

മേഖലകളിലും ഇന്ന് പാപത്തോട് ഇഴുകി ചേർന്ന് ജീവിക്കുവാനുള്ള സാഹചര്യങ്ങളാണു ള്ളത്.

അവിശുദ്ധവും പാപകരവുമായ ഇത്തരം ജീവിത ശൈലികൾ വ്യക്തികളെയും കുടുംബ ങ്ങളെയും സമൂഹത്തെയും നശിപ്പിക്കുന്നു. അതിനാൽ പരിശുദ്ധ അമ്മയുടെ ജന്മദിനാ ഘോഷം നമ്മുടെ ബാല്യകാല നിഷ്കളങ്കതയിലേയ്ക്കും വിശുദ്ധിയിലേയ്ക്കും തിരിച്ചുനട ക്കാനുള്ള അവസരമായി മാറട്ടെ, രണ്ടാമതായി, മറിയത്തിന്റെ വിശ്വാസം നാം സ്വായ ത്താമാക്കണം. മറിയം പാപമില്ലാതെ ജനിച്ചു എന്നതിനാൽ മറിയത്തിന്റെ ജീവിതം സുഖ പ്രദമായിരുന്നുവെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? കന്യകയായിരിക്കെ, പുരുഷ സംയോഗമില്ലാതെ ഗർഭിണിയായതുമുതൽ മറിയത്തിന്റെ ജീവിതത്തിൽ ദുരിതങ്ങൾ ആരംഭിക്കുകയാണ്. അവസാനം മനുഷ്യശരീരമെന്ന് തിരിച്ചറിയാൻ കഴിയാത്ത വിധം ഒരു മാംസപിണ്ഡമായി, പ്രിയപുത്രന്റെ ശരീരം സ്വന്തം മടിയിൽ ഏറ്റുവാങ്ങുന്നതുവരെ മറിയത്തെ സമചിത്തതയോടെ പിടിച്ചുനിർത്തിയത് മറിയത്തിന്റെ ശക്തമായ വിശ്വാസമാണ്. "വിശ്വസിച്ചവൾ ഭാഗ്യവതിയാണ്"(ലൂക്ക. 1:45) എന്ന് ഏലീശ്വാ വിളിച്ചുപറ യുന്നത് എത്രയോ വാസ്തവമാണ്. ആകയാൽ നാം മറിയത്തിന്റെ വിശ്വാസം സ്വായത്ത മാക്കണം.

മദർ തെരേസ പറയുന്നു 'ഓരോ കുഞ്ഞും ഈ ഭൂമിയിൽ പിറന്നു വീഴുന്നത് ദൈവസ്നേഹത്തിന്റെ ഒരു പുതു സന്ദേശവുമായിട്ടാണ്'. പരി.അമ്മയെപ്പോലെ ദൈവേഷ്ടനിർവ്വഹണത്തിന്റേയും പരസ്നേഹത്തിന്റെയും പുതുസന്ദേശങ്ങളായി നാം രൂപാന്തരപ്പെടണം. ഇതായിരിക്കണം പരി. അമ്മയ്ക്ക് നമുക്ക് ഓരോരുത്തർക്കും നല്കുവാനുള്ള പിറന്നാൾ സമ്മാനം. അതിനാൽ പരി.അമ്മയെപ്പോലെ പാപത്തിൽ നിന്നും പൂർണ്ണമായി വിടുതൽ പ്രാപിച്ച് വിശുദ്ധമായ ഒരു ജീവിതം നയിക്കുക എന്ന താണ് നമ്മിൽ നിന്ന് തന്റെ ജന്മദിനത്തിൽ പരി.അമ്മ ആഗ്രഹിക്കുന്നത്.

ഗർഭപാത്രത്തിൽ ഒൻപത് മാസം കിടക്കാതെ ,ചോരയും നീരും വലിച്ചെടുക്കാതെ, പ്രസ വവേദന അനുഭവിക്കാതെ ഞാൻ മുത്തശ്ശിക്ക് മകനായി എന്ന് കാരൂർ എന്ന നോവലിസ്റ്റ് തന്റെ 'കൽത്താമര' എന്ന നോവലിൽ പ്രതിപാദിക്കുന്നുണ്ട് . തായ്ത്തണ്ടിൽ നിന്ന് വെള ളമോ വളമോ വലിച്ചെടുക്കാതെ തായ് തടിയോട് ചേർന്ന് നിന്ന് സൂര്യനിൽ നിന്ന് നേരിട്ട് ഊർജം സ്വീകരിച്ച് പുഷ്പിക്കുന്ന കൽതാമരയോടാണ് അദ്ദേഹം സ്വയം ഉപമിക്കുന്നത്. കാരണം മതങ്ങൾക്കും ജാതികൾക്കും സാമ്പത്തിക അസമത്വങ്ങൾക്കുമപ്പുറം മനുഷ്യനെ സ്നേഹിക്കാൻ പഠിപ്പിച്ചത് അവന്റെ അമ്മയാണ്.

വിശ്വാസ ജീവിതത്തിൽ നാം ഓരോരുത്തരും കൽതാമരയ്ക്ക് സമാനമാണ്. മറിയം എന്ന ഫല വൃക്ഷത്തോട് ചേർന്ന് നിന്ന് നീതിസൂര്യനായ യേശുവിൽ നിന്ന് നമുക്ക് ഊർജം സ്വീകരിക്കാം ഉത്ഭവപാപത്തിന്റെ കറയില്ലാതെ ജനിക്കുകയും കർമ്മപാപത്തിന്റെ കറയില്ലാതെ ജീവിക്കുകയും ചെയ്ത പരി. അമ്മയോട് നമുക്ക് മാദ്ധ്യസ്ഥം യാചിക്കാം. ദൈവം പരി. അമ്മ വഴി നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

# ദൈവം നമ്മെ തിരിച്ചറിയുന്നത് പദവിക്കനുസരിച്ചല്ല, വിശ്വാസ ജീവിതത്തെ പരിഗണിച്ച്: ഫ്രാൻസിസ് പാപ്പ

വത്തിക്കാൻ സിറ്റി: ദൈവം നമ്മെ തിരിച്ചറിയുന്നത് നാം വഹിക്കുന്ന പദവികളാൽ അല്ലായെന്നും കർമ്മാധിഷ്ഠിതമായ വിശ്വാസജീവിതത്താലാണ് അവിടുന്ന് തിരിച്ചറിയുന്നതെന്നും ഫ്രാൻസിസ് പാപ്പ. ഇക്കഴിഞ്ഞ ഞായാറാഴ്ച്ച വത്തിക്കാനിൽ ത്രികാല പ്രാർത്ഥനയോട് ചേർന്ന് നടത്തിയ സന്ദേശത്തിലാണ് പാപ്പ ഇക്കാര്യം ഓർമ്മിപ്പിച്ചത്. നമ്മുടെ പദവികളാലല്ല കർത്താവ് നമ്മെ തിരിച്ചറിയുക. നമ്മൾ പറയും, കർത്താവേ നോക്കൂ, ഞാൻ ആ സംഘടനയിൽ അംഗമാണ്, ആ മോൺസിഞ്ഞോറിന്റെ, ആ കർദ്ദിനാളിന്റെ, ആ പുരോഹിതന്റെ സുഹൃത്താണ് എന്നൊക്കെ. ഇല്ല, പദവികൾക്ക് ഇവിടെ വിലയില്ല, അവ പരിഗണനാർഹങ്ങളല്ല. നാം നയിക്കുന്ന എളിമയാർന്ന ജീവിതത്താൽ, കർമ്മാധിഷ്ഠിതമായ വിശ്വാസജീവിതത്താലാണ് കർത്താവ് നമ്മെ തിരിച്ചറിയുക. പാപ്പ ഓർമ്മിപ്പിച്ചു.

ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം ഇതിനർത്ഥം നാം യേശുവുമായി യഥാർത്ഥ കൂട്ടായ്മയിലായിരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്നാണ്. പ്രാർത്ഥനയാലും ദേവാലയത്തിൽ പോകുന്നതുവഴിയും കൂദാശകൾ സ്വീകരിക്കുന്നതിലൂടെയും യേശുവിന്റെ വചനം ശ്രവിക്കുന്നതുവഴിയും ആണ് ഈ കൂട്ടായ്മയിൽ പ്രവേശിക്കേണ്ടത്. ഇത് നമ്മുടെ വിശ്വാസത്തെ നിലനിറുത്തുകയും പ്രത്യാശയെ ഊട്ടുകയും നവജീവൻ പകരുകയും ചെയ്യും. അങ്ങനെ ദൈവത്തിന്റെ കൃപയാൽ, നമുക്ക്, നമ്മുടെ ജീവിതം സഹോദരങ്ങളുടെ നന്മയ്ക്കുവേണ്ടി ഉഴിഞ്ഞു വെയ്ക്കാനും സകലവിധ തിന്മകൾക്കും എല്ലാ അനീതികൾക്കുമെതിരെ പോരാടാനും സാധിക്കും, അപ്രകാരം നാം ചെയ്യുകയും വേണം. മറിയം, സ്വർഗ്ഗത്തിന്റെ വാതിലാണെന്നും അമ്മയോട് ചേർന്ന് പ്രാർത്ഥിക്കാമെന്ന ഓർമ്മപ്പെടുത്തലോടെയാണ് പാപ്പ തന്റെ സന്ദേശം അവസാനിപ്പിച്ചത്.



# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

569. സങ്കീർത്തനങ്ങൾക്ക് നമ്മുടെ പ്രാർത്ഥനയെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രാധാന്യമുണ്ട്?

**സങ്കീർത്തനങ്ങളും അതോടൊപ്പം സ്വർഗ്ഗസ്ഥനായ എന്ന ജപവും സഭയുടെ പ്രാർത്ഥനകളുടെ മഹാനിക്ഷേപത്തിന്റെ ഭാഗമാണ്. അവയിൽ ദൈവസ്തുതി കാലപരിധിയ്ക്ക് അധീതമായി ആലപിക്കപ്പെടുന്നു.**

പഴയ നിയമത്തിൽ 150 സങ്കീർത്തനങ്ങളുണ്ട്. പാട്ടുകളുടെയും പ്രാർത്ഥനകളുടെയും സമാഹാരമാണിവ. അവയിൽ ചിലത് നൂറ്റാണ്ടുകളുടെ പഴക്കമുള്ളവയാണ്. ഇന്നും സഭാസമൂഹത്തിൽ യാമപ്രാർത്ഥന എന്നു വിളിക്കപ്പെടുന്ന ലിറ്റർജിയിൽ അവ ഉപയോഗിച്ചു പോരുന്നു.

## പ്രാർത്ഥനാ സഹായം

തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.




## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## പുതിയതായി കടന്നു വരുന്നവരുടെ ശ്രദ്ധയ്ക്ക്

ജീസസ്സ് യൂത്തിന്റെ പ്രാർത്ഥനാ ഗ്രൂപ്പിലേക്ക് പുതിയതായി കടന്നു വരുന്നവർ, അവരുടെ പേരും മറ്റു വിവരങ്ങളും വെൽക്കം മിനിസ്ട്രി അംഗങ്ങളുടെ പക്കൽ നൽകുക. ജീസസ്സ് യൂത്തിനെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അറിവു നൽകുന്ന ഓറിയന്റേഷൻ ക്ലാസ്സ് ഉടനെ നടക്കുന്നതാണ്. വെൽക്കം മിനിസ്ട്രിയംഗങ്ങൾ നിങ്ങളെ അക്കാര്യം വിളിച്ചറിയിക്കുമ്പോൾ താൽപര്യപൂർവ്വം പങ്കെടുക്കാൻ ശ്രദ്ധിക്കണേ...)

**മിഷനെക്കുറിച്ച് നിങ്ങൾക്ക്**
**കൂടുതൽ അറിയാൻ വിളിക്കുക...**

**റിൻസ് റോയ് - 056 330 5532**
**ജെറിൻ കെ ജയൻ - 056 136 2680**

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

**ദിവ്യബലി സമയം - മലയാളം**
സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കോർഡിനേറ്റേഴ്സ്

ഫാമിലി - **ബെന്നി ആലഞ്ചേരി - 05 690 2721**
ഫോർമേഷൻ - **ഷാരോൺ 052 160 3818**
*(LSS, Philip Course & Paul Course)*

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മദ്ധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മദ്ധ്യസ്ഥപ്രാർത്ഥന:** എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)

## ഹൃദ്യസ്ഥമാക്കാൻ ഒരു വചനം

"എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി രാജ്യത്തിന്റെ ഈ സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെടും. അതിനുശേഷം അന്ത്യം ആഗതമാകും."
(മത്തായി. 24:14)

WE

love

BECAUSE HE FIRST

LOVED US

1 John 4:19

For Private Circulation (Within The Church Compound) Only

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Jobin Augustine for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Saneesh George
**Editor** : Rijo Manimala **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net